**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 522 — 19.03.2013-ലെ മറുപടിയ്ക്ക്

# വനിത പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ<br>,, എ.റ്റി.ജോർജ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വനിത, പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗ സഹകരണ സംഘങ്ങളെ പുനർജീവിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വനിതാ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 14.11.2012 ലെ സ.ഉ.(സാധാ) നം.642/2012/സഹ നമ്പർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിലേക്കായി ഒരു പഠനം നടത്തുന്നതിന് തിരുവനന്തപുരം ഐ.സി.എം.-നെ ചുമതലപ്പെടുത്തിയിരുന്നു. ഐ.സി.എം നൽകിയ പഠന റിപ്പോർട്ട് ചർച്ച ചെയ്ത്, ആവശ്യമായ കൂടുതൽ വിശദാംശങ്ങൾ സമർപ്പിക്കുന്നതിന് ഐ.സി.എം-നോട് നിർദ്ദേശിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) വനിതാ സഹകരണ സംഘങ്ങളുടെ പഠന കമ്മിറ്റിയുടെ പഠന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ വിഷയങ്ങൾ താഴെച്ചേർക്കുന്നു. വനിതാ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളം സംബന്ധിച്ച തീരുമാനം വരുമാനവുമായി ബന്ധപ്പെട്ട് രൂപീകരിച്ചെടുക്കുക, സംഘങ്ങളുടെ ആസ്തി സംബന്ധിച്ച വിവര ശേഖരണവും, ഈ ആസ്തികളുപയോഗിച്ച് വരുമാനം നേടുന്നതിനുള്ള കഴിവ്, ആസ്തികളുടെ മോശമായ സംരക്ഷണം സംബന്ധിച്ച വിവരങ്ങൾ, സംഘങ്ങൾക്കു ലഭിച്ച വിവിധ ധന സഹായങ്ങളുടെ വിശദവിവരം, ധനസഹായം ഉപയോഗിച്ച് സംഘം വയബിലിറ്റി നേടിയോ; (Linking of Schemes with the viability position of the society. Fund deviations), സംഘങ്ങളുടെ പ്രവർത്തനഫലം സംബന്ധിച്ച വിവരങ്ങൾ, മോശം രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള കാരണങ്ങൾ, പ്രവർത്തന വിജയത്തിനുള്ള കാരണങ്ങളും സംബന്ധിച്ച റിപ്പോർട്ട്, വിദ്യാഭ്യാസം - പരിശീലനം സംബന്ധിച്ച വിവരങ്ങൾ, ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ, അംഗങ്ങൾ എന്നിവ തരംതിരിച്ച് പരാജയവിജയ കാരണങ്ങൾ ബന്ധപ്പെടുത്തി വിശദീകരിക്കുക, നിലവിലുള്ള സർക്കാർ സഹായങ്ങളുടെ പോരായ്മകളും ഗുണവശവും വിശദീകരിക്കുക, നിയമാവലിയിലെ |

ഉദ്ദേശങ്ങളും, അവ
നേരിടുന്നതിനുള്ള ശ്രമങ്ങൾ
അംഗങ്ങൾക്കിടയിൽ സ്വയം
തൊഴിൽ
പ്രോത്സാഹിപ്പിക്കുന്നതിനും,
തൊഴിൽ ദാന പ്രവർത്തനങ്ങളും
ഏറ്റെടുത്ത്
നടത്തുന്നതിനെക്കുറിച്ചുള്ള
റിപ്പോർട്ട്, സംഘം
പ്രവർത്തനത്തിൽ
കാര്യനിർവ്വഹണവീഴ്ച മുഖേന
ബാദ്ധ്യതകൾ വന്നിട്ടുണ്ടോ;
എങ്കിൽ ഇത്തരം വീഴ്ചകൾ
ഒഴിവാക്കുന്നതിനുള്ള
നിർദ്ദേശങ്ങൾ, ഭാവിയിൽ സംഘം
ഉദ്ദേശങ്ങൾ നേടുന്നതിനുവേണ്ടി
ഏറ്റെടുത്ത് നടത്തേണ്ട
പ്രവർത്തനങ്ങളെക്കുറിച്ചുള്ള
റിപ്പോർട്ട്, വനിതാ സഹകരണ
സംഘങ്ങളുടെ പ്രവർത്തനങ്ങൾ
നവീകരിക്കുന്നതിനു വേണ്ടി
വിവരസാങ്കേതിക വിദ്യയുമായി
ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട പുതിയ
സംരംഭങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട്,
വനിതാ സഹകരണ
സംഘങ്ങളുടെ പ്രവർത്തനം
ഊർജ്ജിതപ്പെടുത്തുന്നതിനു വേണ്ടി
സ്വയം സഹായസംഘങ്ങളുമായി
എപ്രകാരം ബന്ധപ്പെടുത്താം,
എന്നിവ.

(2) എസ്.സി./എസ്.റ്റി
സംഘങ്ങളെക്കുറിച്ചുള്ള
പഠനത്തിൽ ഉൾപ്പെടുത്തുന്നതിന്
നിർദ്ദേശിച്ച വിഷയങ്ങൾ.

1. പട്ടികജാതി സഹകരണ
സംഘങ്ങളുടെ പ്രവർത്തന മേഖല
സംബന്ധിച്ച റിപ്പോർട്ട്.

2. നിലവിൽ
പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും

പ്രവർത്തനം നിലച്ചതുമായി പട്ടികജാതി സഹകരണ സംഘങ്ങളുടെ വിശദ വിവരങ്ങൾ.

3. ജീവനക്കാർക്ക് വേതനം കൊടുക്കുന്നതുമായി ബന്ധപ്പെട്ട പട്ടികജാതി സഹകരണ സംഘങ്ങൾക്ക് നിലവിലുള്ള സാമ്പത്തിക ബാദ്ധ്യതയുടെ വിശദാംശങ്ങൾ.

4. സഹകരണ സംഘങ്ങളുടെ ആസ്തി സംബന്ധിച്ച വിവരങ്ങൾ.

5. സംഘങ്ങൾക്ക് സർക്കാരിൽ നിന്നും ഇതര ധനസഹായ ഏജൻസികളിൽ നിന്നും ലഭിച്ച ധനസഹായങ്ങൾ, അവയുടെ വിനിയോഗം.

6. സഹകരണ നവരത്നം ഫണ്ടിൽ നിന്നും ധനസഹായം ലഭിച്ച സംഘങ്ങൾ, അതുകൊണ്ട് അവയ്ക്കുണ്ടായ പുരോഗതി (32 സംഘങ്ങൾ).

7. പീഡിത സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽതുക ലഭിച്ച സംഘങ്ങൾ, ആയതിന്റെ വിനിയോഗം, പുരോഗതി (55 സംഘങ്ങൾ).

8. നല്ല രീതിയിൽ പ്രവർത്തിക്കുന്നതും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്തതുമായ സംഘങ്ങളുടെ വിവരം.

9. പട്ടികജാതി-പട്ടികവർഗ്ഗ സംഘങ്ങൾക്ക് പ്രത്യേക ക്ലാസ്സിഫിക്കേഷൻ മാനദണ്ഡം തയ്യാറാക്കുക.

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി | (സി) | ഐ.സി.എം., തിരുവനന്തപുരം, (എസ്.സി/എസ്.റ്റി സഹകരണ |

| | | | |
|---|---|---|---|
| | സഹകരിക്കുന്നത്; വിശദമാക്കുമോ; | | സംഘങ്ങളുടെ പഠനം). ഐ.സി.എം., കണ്ണൂർ (വനിതാ സഹകരണ സംഘങ്ങളുടെ പഠനം). |
| (ഡി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | വനിതാ സഹകരണ സംഘങ്ങളുടെ പഠന കമ്മിറ്റിയുടെ ആദ്യയോഗം ചേർന്ന് പഠനകമ്മിറ്റിയുടെ നിർദ്ദേശവിഷയങ്ങൾ ഉൾക്കൊള്ളിച്ച് ഒരു ചോദ്യാവലി തയ്യാറാക്കുന്നതിനും, വനിതാ സഹകരണ സംഘങ്ങൾ കാലിക പ്രാധാന്യമുള്ള നൂതന പദ്ധതികൾ ആരംഭിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ പഠന റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും കണ്ണൂർ ഐ.സി.എം. ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്.സി./എസ്.റ്റി. സഹകരണ സംഘങ്ങളുടെ പഠന റിപ്പോർട്ട് ഐ.സി.എം., തിരുവനന്തപുരം നൽകിയിട്ടുണ്ട്. നിർദ്ദേശ വിഷയങ്ങൾ മുഴുവൻ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് കൂടി ഉൾപ്പെടുത്തി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ